# സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# കോതമംഗലം ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2016-17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് ഓഫീസ്

എറണാകുളം

e-mail:doekm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം.KSAEKM.(ബി.പി.) 2214/2017


സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് ഓഫീസ്
എറണാകുളം ജില്ല
e-mail.lfadekm@gmail.com
0484- 2422271


തീയതി.15.11.017

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് ,കോതമംഗലം ബ്ലോക്ക് പഞ്ചായത്ത്
(സെക്രട്ടറി മുഖേന)

സർ,

വിഷയം : കോതമംഗലം ബ്ലോക്ക് പഞ്ചായത്ത് - 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്
*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കോതമംഗലം ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ലെ ഖണ്ഡികകളിലേയ്ക്കും ഭാഗം 3 ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ് :
1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2)അസിസ്റ്റന്റ് ഡവലപ്പ് മെന്റ് കമ്മീഷണർ,എറണാകുളം
3)കാര്യാലയ പകർപ്പ്.

നം.KSAEKM.(ബി.പി.) 2214/2017

തീയതി.15.11.017

എറണാകുളം ജില്ലയിലെ കോതമംഗലം ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ കോതമംഗലം ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.4.2016 മുതൽ 31.03.2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചിട്ടുണ്ട്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഇതിൽ 7 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾക്കുള്ള മറുപടി പരിഗണിച്ച ശേഷമാണ് പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്തമില്ല.

**(എ)** ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി. ധന്യ ബാലകൃഷ്ണൻ, ജോയിന്റ് ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 06.11.2017 മുതൽ 10.11.2017 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. അബ്ദുൾ സലാം ടി.ഐ, ഓഡിറ്റ് ഓഫീസർ |
| | ശ്രീ. നവാസ് .സി. എം, ഓഡിറ്റർ |
| | ശ്രീ. പ്രവീൺ.വി.എൻ , ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| പ്രസിഡന്റ് | പേര് | കാലയളവ് |
|---|---|---|

| | | മുതൽ | വരെ |
|---|---|---|---|
| | ശ്രീമതി.റഷീദ സലീം | 01.04.2016 | 31.03.2017 |
| സെക്രട്ടറി | ശ്രീ. എം.കെ. ശശിയപ്പൻ | 01.04.2016 | 15.06.2016 |
| | ശ്രീ. ഉമ്മർ എം.വി, ജോയിന്റ് ബ്ലോക്ക് ഡെവലപ്പ്മെന്റ് ഓഫീസർ (ഇൻ ചാർജ്ജ്) | 16.06.2016 | 27.06.2016 |
| | ശ്രീ. ഫിലിപ്പ് ജോസഫ് | 28.06.2016 | 31.03.2017 |

നിർവ്വഹണ ഉദ്യോഗസ്ഥർ

| | | | |
|---|---|---|---|
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | ശ്രീ. വർഗ്ഗീസ് സി.ഡി | 01.04.2016 | 31.03.2017 |
| മെഡിക്കൽ ഓഫീസർ, സി.എച്ച്.സി, വാരപ്പെട്ടി | ഡോ. അനിത എൻ. ഷേണായ് | 01.04.2016 | 31.03.2017 |
| അസിസ്റ്റന്റ് കൃഷി ഡയറക്ടർ | ശ്രീ. ജയരാജ് എം.പി | 01.04.2016 | 17.09.2016 |
| | ശ്രീമതി. ലിസ്സി ആന്റണി. കെ | 18.09.2016 | 31.03.2017 |
| പട്ടികജാതി വികസന ഓഫീസർ | ശ്രീമതി. ദീപ ജോർജ്ജ് | 01.04.2016 | 2.08.2016 (Expired) |
| | ശ്രീ. വിജിരാജ് എം.ആർ | 30.08.2016 | 16.09.2016 |
| | ശ്രീമതി.ബിന്ദു.എസ് | 17.09.2016 | 31.03.2017 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി. മെറീന പോൾ | 01.04.2016 | 31.03.2017 |
| ചൈൽഡ് ഡെവലപ്പ്മെന്റ് പ്രോജക്ട് ഓഫീസർ | ശ്രീമതി. ജൂമൈല ബീവി | 01.04.2016 | 31.03.2017 |

ഉള്ളടക്കം

| ക്രമ നം. | ഭാഗം 1<br>പൊതു അവലോകനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |

| | | |
|---|---|---|
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | ക്യാഷ് വെരിഫിക്കേഷൻ | 1-7 |
| 8 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |
| | ഭാഗം 2<br>വരവ് കണക്കുകളിൽ മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 10 | കെട്ടിട വാടക ഈടാക്കുന്നില്ല | 2-1 |
| | ഭാഗം- 3<br>ചെലവ് കണക്കുകളിൽ മേലുള്ള ഓഡിറ്റ് നിരീക്ഷണൾ | |
| 11 | പൈങ്ങോട്ടൂർ ഗ്രാമ പഞ്ചായത്തിൽ ശ്മശാന നിർമ്മാണം - സംബന്ധിച്ച് | 3-1 |
| 12 | ഇ- ടെണ്ടർ ഫോറം വില -ബ്ലോക്ക് പഞ്ചായത്തിന് ലഭിക്കേണ്ട തുക സംബന്ധിച്ച് | 3-2 |
| 13 | പണി പൂർത്തീകരിക്കുവാൻ കാലതാമസം - പിഴ ഈടാക്കിയിട്ടില്ല. | 3-3 |
| 14 | സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ - അപാകതകൾ | 3-4 |
| 15 | ക്ഷീര വികസന ഓഫീസറുടെ പ്രോജക്ട് സംബന്ധിച്ച് . | 3-5 |
| | ഭാഗം 4<br>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 16 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 17 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 18 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 19 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 20 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |

| | | |
|---|---|---|
| 21 | ഓഡിറ്റ് റിക്കവറി | 4-6 |
| 22 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 23 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 24 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-9 |
| | അനുബന്ധം | |
| 25 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം.1 |
| 26 | ബാലൻസ് ഷീറ്റ് | അനുബന്ധം.2 |
| 27 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | അനുബന്ധം.3 |
| 28 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | അനുബന്ധം.4 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 01.03.2016 തീയതിലെ സാധാരണ യോഗത്തിലെ 73-ാം നമ്പർ കമ്മറ്റി തീരുമാന പ്രകാരം പഞ്ചായത്ത് സമിതി യോഗം അംഗീകരിച്ചു. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 50,50,25,848 | 50,50,25,848 |
| വാർഷിക കണക്ക് പ്രകാരം (വരവു ചെലവു പത്രിക പ്രകാരം) | 10,83,11,789 | 10,79,53,924 |
| വ്യത്യാസം | 39,67,14,059 | 39,70,71,924 |
| ശതമാനം | 78.55 | 78.62 |

ബ്ലോക്ക് പഞ്ചായത്ത് ഒരു പ്രത്യേക യോഗം കൂടിയാണ് ബജറ്റ് പാസ്സാക്കേണ്ടത്. എന്നാൽ 2016-17ലെ ബജറ്റ് പാസ്സാക്കിയിരിക്കുന്നത് സാധാരണ യോഗത്തിലെ 73-ാം നമ്പർ തീരുമാന പ്രകാരമാണ്. 1994ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 214- ാംഉപവകുപ്പ് (1എ) പ്രകാരം 1- ാം ഉപവകുപ്പ് പ്രകാരം സമർപ്പിക്കപ്പെട്ട നിർദ്ദേശങ്ങളേയും ഈ ആക്ടിലെ എല്ലാ ആവശ്യങ്ങളെയും പരിഗണിച്ചുകൊണ്ട് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി അടുത്തവർഷത്തേക്കുള്ള വരവ് ചെലവ് കാണിക്കുന്ന ബജറ്റ് തയ്യാറാക്കേണ്ടതും പ്രസ്തുത സ്റ്റാന്റിംങ്ങ് കമ്മറ്റി ചെയർമാൻ മാർച്ച് മാസത്തിലെ ആദ്യത്തെ ആഴ്ച കഴിയുന്നതിന് മുമ്പായി പഞ്ചായത്ത് മുമ്പാകെ, അതിന്റെ ഒരു പ്രത്യേക യോഗത്തിൽ പഞ്ചായത്ത് ഏറ്റെടുത്ത് നടപ്പാക്കാൻ ഉദ്ദേശിക്കുന്ന വികസന പ്രവർത്തനങ്ങൾ സംബന്ധിച്ച പ്രസിഡന്റിന്റെ ആമുഖ

പ്രഖ്യാപനത്തിനുശേഷം, പഞ്ചായത്തിന്റെ അംഗീകാരത്തിനായി വയ്ക്കേണ്ടതാണ്. ബജറ്റ് എന്ന സുപ്രധാന വിഷയം ഒരു പ്രത്യേക യോഗം കൂടി പാസ്സാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

ബജറ്റ് പ്രകാരമുള്ള വരവുചെലവുകളും യഥാർത്ഥ വരവുചെലവുകളും തമ്മിൽ അന്തരമുണ്ട്. ബജറ്റ് തയ്യാറാക്കുമ്പോൾ യാഥാർത്ഥ്യവുമായി ബന്ധപ്പെട്ടുത്തി തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.7.2017 | 31.7.2017 |

# 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

വാർഷിക കണക്കുകൾ പരിശോധിച്ചതിൽ ന്യൂനതകൾ ഒന്നും ശ്രദ്ധയിൽ പെട്ടിട്ടില്ല.

ഓഡിറ്റ് സർട്ടിഫിക്കറ്റ്, ഓഡിറ്റ ചെയ്ത ബാലൻസ് ഷീറ്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീപ്റ്റ് & പേമെന്റ് അക്കൗണ്ട് എന്നിവ അനുബന്ധമായി ചേർത്തിട്ടുണ്ട്.

# 1-4 സാമ്പത്തിക വിശകലനം (വാർഷിക ധനകാര്യ പത്രിക പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 5,29,31,626.81 |
| വരവ് | 10,83,11,789 |
| ആകെ | 16,12,43,415.81 |
| ചെലവ് | 10,79,53,924 |
| നീക്കിയിരിപ്പ് | 5,32,89,491.81 |

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | അലോട്ട്മെന്റ് | ചെലവ് | ചെലവ് ശതമാനം(%) |
|---|---|---|---|
| വികസനഫണ്ട് - പൊതുവിഭാഗം | 4,75,38,323 | 2,80,75,353 | 59.05 |

| | | | |
|---|---|---|---|
| വികസനഫണ്ട് - എസ്.സി.പി. | 1,01,02,455 | 55,03,678 | 54.47 |
| വികസനഫണ്ട് - ടി.എസ്.പി. | 32,40,657 | 28,18,657 | 86.97 |
| സംരക്ഷണ ഗ്രാന്റ് - നോൺ റോഡ് | 73,85,658 | 33,84,206 | 45.82 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്-ശതമാനം |
|---|---|---|---|---|---|---|
| 120 | 8,03,02,577 | 52 | 3,97,81,894 | 13 | 55 | 45.83 |

## 1-7 ക്യാഷ് വേരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10.11.2017 ന് ഹെഡ് ക്ലാർക്കിന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ടി ദിവസം പണമിടപാടുകൾ നടന്നിട്ടില്ലായെന്ന് ബോധ്യപ്പെട്ടു.

## 1-8 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 25.04.2017 | 2016-2017 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 06.01.2014 | 2010-11മുതൽ 2012-13വരെ | 13.02.2014 |

## 1-9 ആഭ്യന്തരനിയന്ത്രണം

വാടക ഡിമാന്റ്-കളക്ഷൻ-ബാലൻസ് (ഡി.സി.ബി) രജിസ്റ്റർ, അഡ്വാൻസ്

രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിക്കുന്നില്ല. ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ഓരോ വർഷത്തിലും ആർജിക്കുന്ന ആസ്തിയുടെ വിവരങ്ങൾ ഉൾപ്പെടുത്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

# ഭാഗം-2

# വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 കെട്ടിട വാടക ഈടാക്കുന്നില്ല

കെട്ടിടങ്ങൾ വാടകയ്ക്ക് നൽകുന്നതിൽ 2005 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങൾ പ്രകാരമുള്ള നിബന്ധനകൾ പഞ്ചായത്ത് പാലിച്ചിട്ടില്ല. അപാകതകൾ ചുവടെ ചേർക്കുന്നു.

ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതതയിലുള്ള നേര്യമംഗലത്തെ സെയിൽസ് ഔട്ട് ലെറ്റ് കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്ന ഏഴ് വനിത സ്വയം സഹായ സംഘങ്ങൾക്ക് കച്ചവടം/സംരംഭം നടത്തുന്നതിനുവേണ്ടി നൽകിയിട്ടുള്ള മുറികൾക്ക് (സചിത്ര സോഫ്റ്റ് വെയർ പ്രകാരമുള്ള ആസ്തി രജിസ്റ്ററിലെ ക്രമ നം. 32, റഫറൻസ് ഐ.ഡി നം.107710050000000032) 1,000, 750, 500 രൂപ നിരക്കുകളിൽ പ്രതിമാസ വാടക ഈടാക്കുന്നതിന് ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ 29.05.2012 തീയതിലെ സാധാരണ യോഗത്തിലെ 3 -ാം നമ്പർ തീരുമാന പ്രകാരം നിശ്ചയിച്ചിട്ടുള്ളതാണ്. പ്രസ്തുത കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സ്വയം സഹായ സംഘങ്ങൾ പുതുക്കിയ നിരക്കിലുള്ള വാടക 2012 ജൂൺ മാസം മുതൽ അടയ്ക്കേണ്ടതാണെന്ന വിവരം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 8.4.2013 ലെ ബി.549/12 നമ്പർ കത്ത് പ്രകാരം അറിയിച്ചിട്ടുള്ളതാണെങ്കിലും സംഘങ്ങൾ നാളിതുവരെയായി വാടക അടവാക്കിയിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനം | മാസ വാടക | കുടിശ്ശിക വരുത്തിയിരിക്കുന്ന വർഷം (മുതൽ - വരെ) | കുടിശ്ശിക തുക |
|---|---|---|---|---|
| 1 | ഗ്രേസ് സ്വയം സഹായ സംഘം, നേര്യമംഗലം | 1,000 | 01.07.2014 – 31.03.2017 | 33,000 |
| 2 | ജീവ വർദ്ധിനി, സ്വയം സഹായ സംഘം, നേര്യമംഗലം | 750 | 01.06.2012 – 31.03.2017 | 43,500 |
| 3 | നവജീവൻ സ്വയം സഹായ സംഘം, നേര്യമംഗലം | 750 | 01.06.2012 – 31.03.2017 | 43,500 |

| | | | | |
|---|---|---|---|---|
| 4 | ഫ്രണ്ട്സ് സ്വയം സഹായ സംഘം, നേര്യമംഗലം | 1,000 | 01.06.2012 – 31.03.2017 | 58,000 |
| 5 | പുലരി സ്വയം സഹായ സംഘം, നേര്യമംഗലം | 750 | 01.06.2012 – 31.03.2017 | 43,500 |
| 6 | ഒരുമ സ്വയം സഹായ സംഘം, നേര്യമംഗലം | 500 | 01.06.2012 – 31.03.2017 | 29,000 |
| 7 | ജീവധാര സ്വയം സഹായ സംഘം, നേര്യമംഗലം | 750 | 01.06.2012 – 31.03.2017 | 43,500 |
| ആകെ | | | | 2,94,000 |

വാടക കുടിശ്ശിക 7 ദിവസത്തിനകം അടവാക്കുന്നതിനും, അല്ലാത്തപക്ഷം ഇനിയൊരറിയിപ്പ് കൂടാതെ നിയമപരമായി ഒഴിവാക്കി ടി മുറികൾ പൂട്ടി സീൽ ചെയ്ത് പഞ്ചായത്ത് ഏറ്റെടുക്കുന്നതാണെന്നും വാടക കുടിശ്ശിക റവന്യൂ റിക്കവറി നടപടികൾ മുഖേന ഈടാക്കുന്നതാണെന്നുമുള്ള വിവരം പ്രസ്തുത സ്വയം സഹായ സംഘങ്ങളെ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 11.5.2017 ലെ ബി.549/15 നമ്പർ കത്ത് പ്രകാരം അറിയിച്ചിട്ടുള്ളതാണ്. 2015-16 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 2-1 വാടക കുടിശ്ശിക സംബന്ധിച്ച് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന ഓഡിറ്റ് എൻക്വയറിക്ക് (നം.5) വിശദമായ മറുപടി ഓഡിറ്റിനെ അറിയിക്കുന്നതാണെന്ന മറുപടിയാണ് ലഭിച്ചിട്ടുള്ളത്. എന്നാൽ നാളിതുവരെയും വാടക കുടിശ്ശിക അടവാക്കിയിട്ടില്ലാത്തതിനാൽ കുടിശ്ശിക ഈടാക്കുന്നതിനാവശ്യമായ നിയമപരമായ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. വകുപ്പ്തല നടപടികൾക്കായി ശുപാർശ ചെയ്യുന്നു.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പൈങ്ങോട്ടൂർ ഗ്രാമ പഞ്ചായത്തിൽ ശ്മശാന നിർമ്മാണം - സംബന്ധിച്ച്

സൂചന :- ഫയൽ നം. സി.1671/08 തീയതി - 25-03-2009

| | |
|---|---|
| പ്രോജക്ട് നം. | So 04/2017 |

| | |
|---|---|
| പ്രോജക്ട് പേര് | പൈങ്ങോട്ടൂർ ഗ്രാമ പഞ്ചായത്തിൽ പൊതു ശ്മശാനം പ്ളാന്റ് സ്ഥാപിക്കൽ |
| നിർവ്വഹണം | സെക്രട്ടറി |
| അടങ്കൽ | 5,00,000/- |
| ചെലവ് | 3,67,500/- |
| ബിൽ നം./ചെക്ക് നം. | നം.58/2016-17 31-03-2017 |

2016-17 വർഷം പൈങ്ങോട്ടൂർ ഗ്രാമ പഞ്ചായത്തിൽ പൊതു ശ്മശാനം പ്ളാന്റ് സ്ഥാപിക്കൽ എന്ന പ്രോജക്ടിനായി ആകെ 367500/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഈ പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 166-ാംവകുപ്പ് ഒന്നാം ഉപവകുപ്പ് പ്രകാരം ഒരു ഗ്രാമ പഞ്ചായത്ത് നിർവ്വഹിക്കേണ്ട അനിവാര്യ ചുമതലകൾ സംബന്ധിച്ച് പറഞ്ഞിട്ടുണ്ട് . 166 ാം വകുപ്പ് പ്രകാരമുള്ള മൂന്നാം പട്ടികയിൽ 18 ാമത്തെതായി ശവപ്പറമ്പുകളും ശ്മശാനങ്ങളും സ്ഥാപിക്കുകയും സംരക്ഷിക്കുകയും ചെയ്യുക എന്നത് ഗ്രാമ പഞ്ചായത്തിന്റെ അനിവാര്യ ചുമതലയാണ്. 172ാം വകുപ്പ് പ്രകാരമുള്ള നാലാം പട്ടികയിൽ ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലകൾ കൊടുത്തിട്ടുള്ളതിൽ ശ്മശാന നിർമ്മാണം പറഞ്ഞിട്ടില്ല. സൂചന പ്രകാരമുള്ള ഫയൽ പരിശോധിച്ചതിൽ ശ്മശാനത്തിന്റെ നിർവ്വഹണ ഏജൻസിയായ തൃശ്ശൂർ കോസ്റ്റ് ഫോർഡുമായി (COSTFORD) 28-03-2009 തീയതിയിൽ എഗ്രിമെന്റ് നം. 620/2009-10 പ്രകാരം കരാർ വച്ചിരിക്കുന്നത് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി ആണ്. ഇപ്രകാരം ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലകളിൽ പെട്ടതായവിഷയം ആണ് ബ്ളോക്ക് പഞ്ചായത്ത് ഏറ്റെടുത്തിരിക്കുന്നത്. പ്രോജക്ട് ഏറ്റെടുത്തിരിക്കുന്നതിന് സർക്കാരിൽ നിന്നുമുള്ള അനുമതി ലഭിച്ചിട്ടില്ല.

2. 2016-17 വർഷം വൈദ്യുതി കണക്ഷന് വേണ്ടിയാണ് പ്രോജക്ട് വച്ചിരിക്കുന്നത് . ഫയൽ പരിശോധിച്ചതിൽ നാളിതുവരെയായി (06-11-2017) വൈദ്യുതി കണക്ഷൻ പ്രവർത്തികൾ നടത്തിയത് സംബന്ധിച്ച വിവരങ്ങൾ ഇല്ല.

3. 2016-17 വർഷം മേൽപ്പറഞ്ഞ പ്രോജക്ട് നടപ്പിലാക്കിയതിന്റെ റിവൈസ്ഡ് എസ്റ്റിമേറ്റോ കമ്മിറ്റി തീരുമാനങ്ങളോ ഇല്ല. 2008-09 വർഷം പ്രോജക്ട് വയ്ക്കുകയും 2015-16 വർഷം വരെ നടപ്പിലാക്കാതിരിക്കുകയും ചെയ്ത പ്രോജക്ട് 2016-17 വർഷം നിർവ്വഹണം നടത്തിയ പ്രത്യേക സാഹചര്യം വ്യക്തമല്ല. സൂചന ഫയൽ പരിശോധിച്ചതിൽ 2008-09 വർഷം ക്രിമറ്റോറിയത്തിനായി തുക വകയിരുത്തിയപ്പോൾ ഗ്രാമ പഞ്ചായത്തുകളുടെ വിഹിതം ഉൾപ്പെടുത്തിയിരുന്നു. എന്നാൽ സ്വന്തമായി സംസ്കരിക്കുന്നതിന് സൗകര്യം ഉണ്ട് എന്നതിനാൽ കുട്ടമ്പുഴ,കവളങ്ങാട് എന്നീ ഗ്രാമപഞ്ചായത്തുകൾ ഈ പദ്ധതിക്ക് വേണ്ടി വിഹിതം കൈമാറുന്നതിന് തയ്യാറായില്ല. 2016-17 വർഷം വീണ്ടും ഈ പദ്ധതി നടപ്പിലാക്കുന്നതിന് വേണ്ടി വിവിധ അനുബന്ധ പ്രോജക്ടുകൾ ഉൾപ്പെടെ തുക വകയിരുത്തിയിട്ടുണ്ട്. ഇതിൽ SO 45/2016-17 പ്രകാരം ശ്മശാന പ്ലാന്റ് നിർമ്മാണത്തിന് 38,90,822/- രൂപ വകയിരുത്തിയെങ്കിലും (പ്ളാൻ ഫണ്ട് - 26,98,572/- + ഗ്രാമ പഞ്ചായത്തുകളിൽ നിന്നുള്ള വിഹിതം - 1192250/-) പ്രോജക്ട് നടപ്പിലായിട്ടില്ല.

4. 31-03-2009 തീയതിയിൽ DD നം.525359/31-03-2009 പ്രകാരം 10,00,000/-

രൂപ കോസ്റ്റ് ഫോർഡിന് കൈമാറിയിട്ടുണ്ട്. ഈ പ്രോജക്ടിന് ആകെ 31,00,000/- രൂപയായിരുന്നുഎസ്റ്റിമേറ്റ്. കരാർ പ്രകാരം ഒന്നാമത്തെ സ്റ്റേജ് ആയി ആകെ ചെലവിന്റെ 20 ശതമാനം നൽകണമെന്ന് വ്യവസ്ഥ ചെയ്തിരുന്നു. അപ്രകാരം 31 ലക്ഷം രൂപയുടെ 20 ശതമാനമായ 6,20,000/- രൂപയാണ് നൽകേണ്ടിയിരുന്നത് . എന്നാൽ 10 ലക്ഷം രൂപ നൽകുകയും കരാർ വച്ച് 8 വർഷം കഴിഞ്ഞിട്ടും പ്രോജക്ടിന്റെ പ്രവർത്തികൾ ആരംഭിച്ചിട്ടില്ലാത്തതുമാണ്.

5. കോതമംഗലം ബ്ളോക്ക് പഞ്ചായത്തിൽ ആകെ 10ഗ്രാമ പഞ്ചായത്തുകളിൽ നിന്നും വിഹിതം സ്വീകരിച്ച് ഈ പ്രോജക്ട് നടപ്പിലാക്കുന്നതിന് തീരുമാനിച്ചിരുന്നതും എന്നാൽ കുട്ടമ്പുഴ, കവളങ്ങാട് ഗ്രാമ പഞ്ചായത്തുകൾ സഹകരിക്കാത്തത് കാരണം പഞ്ചായത്തുകളിൽ നിന്നുള്ള വിഹിതം ലഭിച്ചിരുന്നില്ല. 2008-09 വർഷം ഈ പ്രോജക്ട് നടപ്പാക്കിയത് വേണ്ട ആസൂത്രണം ഇല്ലാതെയാണെന്ന് വ്യക്തമാകുന്നു. 2016-17 വർഷം SO 45/2016-17 പ്രകാരം ശ്മശാന പ്ലാന്റ് നിർമ്മാണത്തിന് 38,90,822/- രൂപ വകയിരുത്തിയെങ്കിലും (പ്ളാൻ ഫണ്ട് - 26,98,572/- + ഗ്രാമ പഞ്ചായത്തുകളിൽ നിന്നുള്ള വിഹിതം - 11,92,250/-) പ്രോജക്ട് നടപ്പിലായിട്ടില്ല. ഫയൽ പരിശോധിച്ചതിൽ ഗ്രാമ പഞ്ചായത്തുകളിൽ നിന്നും വിഹിതം ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചത് സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല.

മേൽപ്പറഞ്ഞ പറഞ്ഞ അപാകതകൾ രേഖപ്പെടുത്തി ഓഡിറ്റ് എൻക്വയറി നം. 2 നൽകിയതിന് ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ല. സ.ഉ.(എം.എസ്)നം. 4/2016 /ത.സ്വ.ഭ.വ. തിരുവനന്തപുരം തീയതി 11-01-2016 പ്രകാരമുള്ള പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി (2012-17) 2016-17 വാർഷിക പദ്ധതി മാർഗ്ഗരേഖയിൽ 6-5 ഇനത്തിൽ ഒരു പ്രോജക്ട് തയ്യാറാക്കുന്നതിന് അവസ്ഥാ വിശകലനവും സ്റ്റാറ്റസ് റിപ്പോർട്ടും തയ്യാറാക്കേണ്ടതാണ്. 2008-09 വർഷം നടപ്പാക്കുവാൻ അംഗീകാരം ലഭിച്ച ഈ പ്രോജക്ട് നാളിതുവരെയായി നടപ്പാക്കുവാൻ സാധിക്കാതിരുന്നതും ആസൂത്രണത്തിലെ പോരായ്മയാണ്. 2016-17 വർഷം വീണ്ടും പ്രോജക്ട് വച്ച് ചെലവ് ചെയ്തപ്പോഴും ആസൂത്രണത്തിലെ പോരായ്മ നിലനിൽക്കുന്നു. ഗ്രാമപഞ്ചായത്തുകളുമായി പ്രോജക്ട് വിഹിതം സംബന്ധിച്ച ചർച്ച നടത്തിയിട്ടില്ല. ആയതിനാലാണ് 2016-17 വർഷം തുക വകയിരുത്തിയിട്ടും പ്രോജക്ട് നടപ്പിലാകാതിരുന്നത്.

10 ഗ്രാമപഞ്ചായത്തുകൾ ഉൾപ്പെടുന്ന കോതമംഗലം ബ്ലോക്ക് പഞ്ചായത്തിൽ ക്രിമറ്റോറിയത്തിനായി സ്ഥലം കണ്ടെത്തിയിരിക്കുന്നത് ബ്ളോക്ക് പഞ്ചായത്തിന്റെ അതിർത്തിയിലുള്ള പൈങ്ങോട്ടൂർ ഗ്രാമ പഞ്ചായത്തിലാണ്. മറ്റ് പഞ്ചായത്തുകളിൽ ഉള്ളവർക്ക് ക്രിമറ്റോറിയം ഉപയോഗിക്കുന്നതിന് ദൂരം കൂടുതലാണ് എന്ന വസ്തുത അതിന്റെ ഉപയോഗത്തെ ബാധിക്കും. 2008-09 വർഷം മുതൽ നിർവ്വഹണം നടത്താത്ത ഈ പ്രോജക്ട് പൂർത്തിയാക്കുവാൻ ബ്ലോക്ക് പഞ്ചായത്ത് അടിയന്തര നടപടി സ്വീകരിക്കേണ്ടതും പ്രവൃത്തി പൂർത്തിയാക്കി ക്രിമറ്റോറിയം നിർമ്മിക്കുന്ന സ്ഥലം സ്ഥിതി ചെയ്യുന്ന പൈങ്ങോട്ടൂർ ഗ്രാമ പഞ്ചായത്തിന് കൈമാറുകയും ചെയ്യേണ്ടതുമാണ്.

## 3-2 ഇ- ടെണ്ടർ ഫോറം വില -ബ്ലോക്ക് പഞ്ചായത്തിന് ലഭിക്കേണ്ട തുക സംബന്ധിച്ച്

ഇ -ടെണ്ടർ ഫോറമിനത്തിൽ ലഭിക്കേണ്ട വരുമാനം കോതമംഗലം ബ്ലോക്ക് പഞ്ചായത്തിന് ലഭിക്കുന്നില്ല. ഇ-ടെണ്ടർ മുഖേന നടത്തുന്ന ടെണ്ടറുകളുടെ ഫോറം വിലയായി ലഭിക്കുന്ന തുക ജില്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലേക്കാണ് മാറ്റപ്പെടുന്നത്. ബ്ലോക്ക് പഞ്ചായത്തിന് ലഭിക്കേണ്ട തുകയാണ് ജില്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ഉള്ളത്. 2015-16 വർഷത്തിൽ ഇ-ടെണ്ടർ ഫോറമിനത്തിൽ പഞ്ചായത്തിന് ലഭിക്കേണ്ട തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രവൃത്തികളുടെ എണ്ണം | പങ്കെടുത്ത കരാറുകാരുടെ എണ്ണം | ഫോറം വില ആകെ തുക |
|---|---|---|---|
| 1 | 39 | 129 | 2,24,635 |

ഓഡിറ്റ് എൻക്വയറി നം.1പ്രകാരം 2015-16, 2016-17 വർഷങ്ങളിൽ ഇ-ടെണ്ടർ നടത്തിയ പണികളുടെ വിശദാംശങ്ങൾ ആവശ്യപ്പെട്ടുവെങ്കിലും 2015-16 ലെ വിവരങ്ങൾ മാത്രമാണ് ഓഡിറ്റിന് ലഭ്യമാക്കിയത്. ആയതിനാൽ 2016-17 വർഷം ഇ-ടെണ്ടർ നടത്തിയ പണികളുടെ കൂടി ഇ ടെണ്ടർ ഫോറം വില ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽ വരവാക്കുവാൻ വേണ്ട നടപടിയെടുക്കേണ്ടതാണ്

## 3-3 പണി പൂർത്തീകരിക്കുവാൻ കാലതാമസം - പിഴ ഈടാക്കിയിട്ടില്ല.

മരാമത്ത് പ്രവർത്തികളുടെ കരാർ ഏറ്റെടുത്തിട്ടുള്ള കരാറുകാരൻ പണി പൂർത്തീകരിക്കേണ്ട തീയതിയിൽ പൂർത്തീകരിക്കാതിരുന്നാൽ പിഴ ഇനത്തിൽ 2012 ലെ പിഡബ്ല്യൂഡി മാനുവൽ സെക്ഷൻ 2112 പ്രകാരം ആദ്യതവണ PAC യുടെ 1% എന്ന നിരക്കിലും രണ്ടാം തവണ PAC യുടെ 2% എന്ന നിരക്കിലും പിഴ ഈടാക്കി പുതുക്കിയ കാലാവധിക്കനുസരിച്ച് സപ്ലിമെന്ററി എഗ്രിമെന്റ് ചമയ്ക്കേണ്ടതുമാണ്. എന്നാൽ താഴെപ്പറയുന്ന പ്രവർത്തികളിൽ കരാറുകാരൻ സമയദൈർഘ്യത്തിനുള്ള അപേക്ഷ സമർപ്പിക്കുകയോ പിഴ ഒടുക്കി സപ്ലിമെന്ററി എഗ്രിമെന്റ് ചമയ്ക്കുകയോ ചെയ്തിട്ടില്ല.

| പ്രോജക്ട് നം. | കരാറു കാരൻ | അടങ്കൽ | PAC | ടെൻഡർ എടുത്തത് | എഗ്രിമെന്റ് നം, /തീയതി | പണി പൂർത്തിയാക്കിയ തീയതി |
|---|---|---|---|---|---|---|
| 25/16 | Anil.C.K | 5,00,000 | 409402 | -18% | 4/AEE/ LSGD/ KGM/ 16-17/ 9.6.16 | 15.12.16 |
| 60/16 | Binu K.Varghese | 5,00,000 | 431897 | -13.6% | 92/AEE/ LSGD /KLM/ 15-16/ 3.3.16 | 20 .9.16 |

| | | | | | | |
|---|---|---|---|---|---|---|
| 105/16 | Manu Paul | 5,00,000 | 420815.91 | -15.77% | 103/AEE /LSGD/ KLM/ 15-16/ 3.3.16 | 28. 3.17 |

നിർദ്ദിഷ്ട തീയതിക്കകം പണി പൂർത്തീകരിക്കാത്തതിന് വിശദീകരണം ഓഡിറ്റ് എൻക്വയറി പ്രകാരം ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയില്ല. പിഴ ഇനത്തിൽ ഈടാക്കേണ്ടിയിരുന്ന തുക ചുവടെ ചേർക്കുന്നു.

| പണിയുടെ പേര് | അംഗീകൃത PAC യും കാലാവധിയും | പണി പൂർത്തീ കരിക്കേണ്ട തീയതി | പൂർത്തീ കരിച്ച തീയതി | പിഴ ഇനത്തിൽ ഈടാ ക്കേണ്ടി യിരുന്ന തുക |
|---|---|---|---|---|
| കടവൂർ വനിതാവ്യവസായ കേന്ദ്രം റൂഫിങ്ങ് ബിൽ നം. 11012/30.12.16 | 409402 3 മാസം | 29.9.16 | 15.12.16 | 409402x1%x76/90 =3,457 |
| നേര്യമംഗലം വനിതവ്യവസായകേന്ദ്രം ബിൽ നം. 20/17.2.17 | 431897 3 മാസം | 23.6.16 | 20.9.16 | 431897x1%x87/90 =4,175 |
| നേര്യമംഗലം CHC | 420815 2 മാസം | 23.5.16 | 28.3.17 | 420815x1%=4208<br>420815x1%=8416<br>4208+8416=12,624 |
| ആകെ | | | | 20,256 |

ആയതിനാൽ പിഴ ഇനത്തിലുള്ള 20,256/-രൂപ ബന്ധപ്പെട്ട കരാറുകാരനിൽ നിന്നോ, ഉത്തരവാദിയായ എഞ്ചിനീയറിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 3-4 സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ - അപാകതകൾ

2016-17 വർഷം വിവിധ പ്രോജക്ടുകൾ പ്രകാരം ബ്ളോക്ക് പഞ്ചായത്ത് പരിധിയിലെ ഗ്രാമ പഞ്ചായത്തുകൾക്ക് വിഹിതം കൈമാറിയിട്ടുണ്ട്. തുക ഗ്രാമ പഞ്ചായത്തുകൾ സ്വീകരിച്ചത് സംബന്ധിച്ച വിവരമോ,പ്രോജക്ട് പൂർത്തീകരിച്ചതിന്റെ വിവരമോ ഇല്ല തുക കൈമാറിയ പ്രോജക്ടുകൾ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം. | പ്രോജക്ട് പേര്. | വിഹിതം സ്വീകരിച്ച ഗ്രാമ പഞ്ചായത്ത് | കൈമാറിയ തുക | ബിൽ നം. /ചെക്ക് നം. |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | SO107 /2017 | നെല്ലിക്കുഴി –വാർഡ്4 അംഗണവാടി കെട്ടിട നിർമ്മാണം. | നെല്ലിക്കുഴി | 535000/- | 50/2016-17 -24-03-2017- |
| 2 | SO62 /2017 | കവളങ്ങാട് 7 നമ്പർ അംഗണവാടിക്ക് കെട്ടിട നിർമ്മാണം- ബ്ളോക്ക് പഞ്ചായത്ത് വിഹിതം | കവളങ്ങാട് | 520000/- | 48/2016-17 -16-03-2017 |
| 3 | SO60 /2017 | നെല്ലിക്കുഴി,പല്ലാരിമംഗലം, കോട്ടപ്പടി പഞ്ചായത്തു കളിൽ അംഗണവാടി കൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് വേണ്ടി സ്ഥലംവാങ്ങൽ -ബ്ളോക്ക് പഞ്ചായത്ത് വിഹിതം നൽകൽ | നെല്ലിക്കുഴി, പല്ലാരിമം ഗലം, കോട്ടപ്പടി, | 400000/- | 1.200000/ -49/2016-17 -24-03-2017 2. 37/2016-17- 200000/-31- 12-2017 |
| 4 | SO05 /2017 | നെല്ലിക്കുഴി പഞ്ചായത്ത്, വാർഡ് 16,നമ്പർ 59 അംഗണവാടി കെട്ടിടം നിർമ്മി ക്കുന്നതിന് വേണ്ടി സ്ഥലം വാങ്ങൽ-ബ്ളോക്ക് പഞ്ചായത്ത് വിഹിതം | നെല്ലിക്കുഴി. | 300000/- | 54/2016-17- 28-03-2017. |

മേൽ വിവരിച്ച പ്രോജക്ടുകളിൽ ബ്ളോക്ക് പഞ്ചായത്തുകൾക്കുള്ള വിഹിതം കൈമാറിയെങ്കിലും തുക പഞ്ചായത്തുകൾ സ്വീകരിച്ചത് സംബന്ധിച്ച വിവരമോ, പദ്ധതി പൂർത്തീകരിച്ചത് സംബന്ധിച്ച വിവരമോ ഇല്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 6/10-11-2017 നുള്ള മറുപടിയിൽ ഗ്രാമപഞ്ചായത്തുകൾ തുക സ്വീകരിച്ചത് സംബന്ധിച്ച വിവരവും, പദ്ധതി പൂർത്തീകരണ വിവരവും വാങ്ങി സൂക്ഷിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകൾക്ക് വിവിധ പ്രോജക്ടുകൾക്കായി തുക കൈമാറുന്നത് സംബന്ധിച്ച വിവരവും പ്രോജക്ട് പൂർത്തീകരണ വിവരവും ശേഖരിക്കേണ്ടതാണ്.

# 3-5 ക്ഷീര വികസന ഓഫീസറുടെ പ്രോജക്ട് സംബന്ധിച്ച് .

| | |
|---|---|
| പ്രോജക്ട് നം. | SO 139/2017 |
| പ്രോജക്ട് പേര് | ക്ഷീര സംഘങ്ങൾ മുഖേന പാൽ ഇൻസെന്റീവ് |

| | |
|---|---|
| നിർവ്വഹണം | ക്ഷീര വികസന ഓഫീസർ |
| അടങ്കൽ | 17,00,000/- |
| ചെലവ് | 17,00,000/- |
| തുക/ബിൽ നം./ചെക്ക് തി. | 1. 10,50,000/-1/16-17 – 09-09-2017.<br>2. 6,50,000/-2/16-17-23-03-2017. |

2016-17 വർഷം ക്ഷീര വികസന ഓഫീസർ നടപ്പിലാക്കിയ മേൽ പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ 2016-17 വർഷം പാലളവ് 2015-16 വർഷത്തേക്കാൾ കുറവായി കണ്ടു. 2015-16,2016-17 വർഷങ്ങളിലെ പാലളവിന്റെ വിവരം ചുവടെ ചേർക്കുന്നു.

| 2015-16 | പാലളവ് | 2016-17 | പാലളവ് |
|---|---|---|---|
| ഏപ്രീൽ | 571339 | ഏപ്രീൽ | 524217 |
| മെയ് | 581728 | മെയ് | 589095 |
| ജൂൺ | 570292 | ജൂൺ | 545699 |
| ജൂലായ് | 568879 | ജൂലായ് | 534254 |
| ആഗസ്റ്റ് | 569142 | ആഗസ്റ്റ് | 498700 |
| സെപ്തംബർ | 509270 | സെപ്തംബർ | 470370 |
| ഒക്ടോബർ | 514824 | ഒക്ടോബർ | 494977 |
| നവംബർ | 507715 | നവംബർ | 495334 |
| ഡിസംബർ | 540898 | ഡിസംബർ | 542158 |
| ജനുവരി | 555869 | ജനുവരി | 489796 |
| ഫെബ്രുവരി | 512097 | ഫെബ്രുവരി | 428259 |
| മാർച്ച് | 540802 | മാർച്ച് | 489749 |
| ആകെ | 6502855 | ആകെ | 6102608 |

17,00,000/-രൂപ ഉല്പാദന മേഖലയായ ക്ഷീര മേഖലയിൽ 2016-17 വർഷം ചെലവഴിച്ചിട്ടും പാലളവിൽ മുൻ വർഷത്തേക്കാൾ 400247 ലിറ്റർ പാൽ കുറവ് വന്നത് പരിശോധിക്കേണ്ടതാണ്. ക്ഷീര മേഖലയിൽ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് ക്ഷീര വികസന ഓഫീസർ വേണ്ട സൂപ്പർവിഷൻ നടത്തേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| ഗ്രാമ പഞ്ചായത്ത് | 3,40,32,835 | ഐ.എ.വൈ ഭവന പദ്ധതി | 64,35,619 | 2,75,97,216 |
| ജില്ലാ പഞ്ചായത്ത് | 78,66,288 | ഐ.എ.വൈ ഭവന പദ്ധതി | 7,09,140 | 71,57,148 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ / വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഐ.എ.വൈ - ഭവന പദ്ധതി | GO(MS) No. 90/13/lsgd തീ.14/3/2013 | 1,14,00,000 | 77,60,000 | - | - | 77,60,000 |

# 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

# 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 29,700/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ടു വർഷം | ഭാഗം / ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് /ഡി.ഡി നം. തീയ്യതി |
|---|---|---|---|---|
| 2004-05 | 3-8 | 8,100 | ശ്രീ. വർക്കി വർക്കി, പുളിയൻ | DD No. 685808 dtd 30.04.16 |
| | | 3,800 | ” | DD No. 758631 dtd 11.11.16 |
| | | 17,800 | ” | DD No. 759239 dtd 23.12.16 |
| ആകെ | | 29,700 | | |

പ്രസ്തുത തുകകൾ ട്രൈബൽ കോർപ്പസ് അക്കൗണ്ടായ 4806000100003567 നമ്പരിലുള്ള പഞ്ചാബ് നാഷണൽ ബാങ്ക്, കോതമംഗലം ശാഖയിൽ നിക്ഷേപിച്ചിട്ടുണ്ട്.

# 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക നം. | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 2000-01, 2001-02 | 20 | 2004-05 | 7.II.1.1 | പദ്ധതി നിർവ്വഹണ ചെലവ് -അധികം ചെലവാക്കിയത് | തീർപ്പാക്കി യിട്ടില്ല |

# 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 10,83,11,789/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 10,79,53,924/- |
| വരവിനങ്ങളിലുള്ള നഷ്ടം | |
| ചെലവിനങ്ങളിലുള്ള നഷ്ടം / ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 20,256/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | - |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | വരവു നഷ്ടം | ചെലവു നഷ്ടം | |
| 3-3 | | 20,256/- | ശ്രീ. വർഗ്ഗീസ് സി.ഡി, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി |

(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക
ഇല്ല
(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>
ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ
ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. വർഗ്ഗീസ് സി.ഡി, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി | റിട്ടയേർഡ് | ചുള്ളി വീട്, ആയത്തുപടി, കുവപ്പടി, പെരുമ്പാവൂർ |

# 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1995-96 മുതൽ 2004-05 വരെ | എൽ.എഫ്.ഇ.(സി.1)2134/11(അദാലത്ത് റപ്പോർട്ട്), 23-11-2011 |
| 2008-09 | എൽ.എഫ്.ഇ.(സി.1)463/11,17-1-12 |
| 2009-10 | എൽ.എഫ്.ഇ.(ബി.പി.1)289/12,15-9-12 |
| 2010-11<br>2011-12 | എൽ.എഫ്.ഇ.(ബി.പി.1)1979/13,27-11-13 |
| 2012-13 | എൽ.എഫ്.ഇ.(ബി.പി.1 )294/14,14-5-14 |
| 2013-14 14-15 | കെ.എസ്.എ.ഇ.കെ.എം(ബി.പി)1573/16,4.10.16 |
| 2015-16 | കെ.എസ്.എ.ഇ.കെ.എം(ബി.പി)331/17, 27.3.17/6.5.17 |

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് ഓഫീസ്
എറണാകുളം

# അനുബന്ധം 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം. കെ.എസ്.എ-ഇ.കെ.എം/(ബി.പി.)2214/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് ഓഫീസ്, എറണാകുളം
തീയതി.14.11.2017

### ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 – ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും എറണാകുളം ജില്ലയിലെ കോതമംഗലം ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക

ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ കോതമംഗലം ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ,
ജില്ലാ ഓഡിറ്റ് ഓഫീസ്
എറണാകുളം

## APPENDIX 1

No. KSA-EKM / 2214/17

Kerala State Audit Department,
District Audit Office, Ernakulam
Date: 14.11.2017

### AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Kothamangalam Block Panchayat in Ernakulam District for the year ended on 31.03.2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of certification of accounts of Panchayats.

In my opinion, the Financial Statements of Kothamangalam Block panchayat for the year 2016-17 properly presents the picture of income and expenditure.

Joint Director
District Audit Office
Ernakulam